## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1254 — 11/06/2019 -ൽ മറുപടിയ്ക്ക്

### രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളെ അഴിമതി മുക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എ) രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുവാനും, ഫീസുകൾ ഇ-പേയ്മെന്റ് വഴി ഒടുക്കുവാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

ആധാര രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി ഭൂമിയുടെ ന്യായ വിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും, പൊതുജനങ്ങൾക്ക് തന്നെ സ്വയം ആധാരം തയാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കി. ആധാരത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനും , ആധാര രജിസ്ട്രേഷന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും രജിസ്ട്രേഷന് ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തി. രജിസ്ട്രേഷൻ സംബന്ധമായ എല്ലാ ഇടപാടുകൾക്കും ഇ-സ്റ്റാമ്പിംഗ് ബാധകമാക്കുവാൻ തീരുമാനിച്ചു.

(ബി) രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റൈസ് ചെയ്യുന്നതിനും വകുപ്പ് ആധുനിക വത്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(ബി) രജിസ്ട്രേഷൻ സംബന്ധമായ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ആധാരത്തോടൊപ്പം ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റുകളുടെ എണ്ണം A3 സൈസിൽ നിന്നും A4 സൈസിലേക്ക് മാറ്റുകയുണ്ടായി. സഹകരണ ബാങ്കുകൾ മുഖാന്തിരമുള്ള പണയാധാരങ്ങളായ

ഗഹാനകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. ആധാര രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള ഫോട്ടോയും വിരൽപതിപ്പും ഡിജിറ്റൽ ക്യാമറയുടെയും ബയോമെട്രിക് ഉപകരണത്തിന്റെയും സഹായത്തോടെ നേരിട്ട് ആധാരത്തിൽ പതിയുന്ന രീതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു .

**സെക്ഷൻ ഓഫീസർ**